- GLPS പെരുവാമ്പ -



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26



# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അക്കാദമികരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ ജി.എൽ.പി.എസ് പെരുവമ്പ സ്കൂളിന് കഴിയുന്നു. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള (Inclusive Education) പ്രവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

ഓരോ വർഷവും എൽ.എസ്.എസ് നേടിയ കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് അക്കാദമിക മികവിന്റെ ഫലമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമാ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്.

ഈ മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കുന്ന ഈ അധ്യയനവർഷം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ വിദ്യാലയങ്ങളിൽ കൃത്യമായ ആസൂത്രണം നടപ്പിലാക്കേണ്ടതുണ്ട്. അത്തരത്തിലുള്ള പ്രവർത്തന പദ്ധതികളിലൂടെ കുട്ടികളെ മൂല്യബോധമുള്ളവരാക്കി മാറ്റുക എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്.

# Academic Master plan- English

| Aims | Activity | Month | In charge | Finance |
|---|---|---|---|---|
| 1) provides opportunity to listen and speak English properly. | Listen me, Listen up<br>English is recorded and spoken in a simple and funny way. The child is encouraged to answer the related questions. | June [once in a week] | | |
| | chase me<br>Training is given to act according to instructions given in english. | June | | |
| | English Assembly<br>Gives an opportunity to enrich Eng-lish by conducting and presenting assembly. | [once in a week]. | | |
| | English Day<br>opportunities given to all students to perform | | | |

| | | | | |
|---|---|---|---|---|
| | on a particular platform.<br>News hour<br>Recorded and broadcast English radio news. provides an opportunity to listen to correct pronunciation. | July. | | |
| practicing perceptive reading | with reading cards<br>Various reading cards are arranged at different levels. It gives chance to read without error. | August. | | |
| | Reading News<br>Reads small newses in the news paper and create school news. | | | |

Increase confidence in english language.

## Story corner

offers an opportunity to present different stories in the form of reader's theater (class 3, 4) (Rhyme for class 1 and 2)

## Fun time

provides an opportunity to prepare and present in class riddles tricks questions and exercises.

write english without mistake.

## Writing

To enhance writing skill, they can develop descriptions, rhymes, poems, stories etc by providing such an occasion.

| | | | | | |
|---|---|---|---|---|---|
| Interaction with Alexa | It's me.. Alexa<br>Gives an opportunity to communicate with Alexa. It improves communicative skill. It also increases the confidence of children. | Every month Morning Time. Evening Time | | | |

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല [illegible] |
| --- | --- | --- | --- |
| അക്ഷരത്തെറ്റില്ലാതെ മലയാളം എഴുതുകയും വായിക്കുകയും ചെയ്യുന്നതിന്. | **വായിക്കാം എഴുതാം**<br>* വർക്ക് ഷീറ്റുകൾ ചെയ്യിപ്പിക്കൽ.<br>* കുഞ്ഞു കുഞ്ഞു വായനാക്കാർഡുകൾ വായിപ്പിക്കൽ.<br>* ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് പ്രസംഗ മത്സരം. | ജൂൺ അവസാന വാരം. | |
| | **വാക്കുകൾ കണ്ടെത്താം**<br>* ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനായി പാഠങ്ങളിൽ നിന്നും നിശ്ചിതചിഹ്നങ്ങൾ വരുന്ന വാക്കുകൾ കണ്ടെത്തുന്ന പ്രവർത്തനം നൽകുന്നു. | ജൂലായ് | |

| | | | | |
|---|---|---|---|---|
| | * രാവിലെയും വൈകിട്ടുമുള്ള അക്ഷരക്ലാസ്. | | | |
| | **കഥ പറയാം** | | | |
| | * കുഞ്ഞു കഥാപുസ്തകങ്ങൾ വായിക്കുന്നു. വായിക്കുന്ന കഥ പറയാൻ അസംബ്ലിയിൽ അവസരം നൽകുന്നു. | ഓഗസ്റ്റ്. | | |
| കുട്ടികളെ മൂല്യ ബോധമുള്ളവരായി വളർത്തുക. | * ശുചിത്വബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക. | ജൂൺ | | |
| | * ചിത്ര രചനാ മത്സരങ്ങൾ/ സ്കിറ്റ് എന്നിവ നടത്തുക. | | | |
| | * റോഡ് സുരക്ഷ, സൈബർ സുരക്ഷ, ലഹരി തുടങ്ങിയവയുമായി ബന്ധപ്പെട്ട് ക്ലാസുകൾ നൽകുന്നു. | ജൂലൈ | | |

* ശുചിത്വം, അച്ചടക്കം എന്നിവയുടെ മേൽനോട്ടത്തിനായി ഓരോ ക്ലാസിലും അഞ്ച് കുട്ടികളെ ചുമതലപ്പെടുത്തുന്നു. | ജൂലായ് to മാർച്ച്

| | | |
|---|---|---|
| * ആത്മവിശ്വാസം ഉണ്ടാക്കാനായി സ്കൂൾ റേഡിയോ പ്രോഗ്രാം. | **സ്കൂൾ റേഡിയോ**<br>* സ്കൂൾ അറിയിപ്പുകൾ നൽകാനായി കുട്ടികളെ ചുമതലപ്പെടുത്തുന്നു. അതു പോലെ തന്നെ കുട്ടികളുടെ പാട്ടുകൾ, കഥകൾ തുടങ്ങിയവ സ്കൂൾ റേഡിയോവിലൂടെ അവതരിപ്പിക്കുന്നു.<br>* വിദ്യാലയ വാർത്തകൾ അവതരിപ്പിക്കാനും ഈ സംരംഭത്തിലൂടെ അവസരമൊരുക്കുന്നു. | ജൂലായ് to മാർച്ച് |

| | | |
|---|---|---|
| അഭിനയക്കളരി | * കുട്ടികളിലെ വ്യത്യസ്ത കഴിവുകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായി അഭിനയക്കളരി സംഘടിപ്പിക്കുന്നു. | |
| വിജ്ഞാനവികസനം വായനയിലൂടെ. | വായിക്കാം അറിവു പങ്കിടാം<br>* എല്ലാ ആഴ്ച്ചയും ഒരു ദിവസം അര മണിക്കൂർ പൊതുവിജ്ഞാനം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനം നൽകുന്നു. | ജൂൺ to മാർച്ച്. |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഉപകരണം | [illegible] |
|---|---|---|---|---|
| * ശാസ്ത്ര താല്പര്യം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | **പരീക്ഷിക്കാം നിരീക്ഷിക്കാം**<br>കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനായി ലഘുപരീക്ഷണം കുട്ടികളുടെ പങ്കാളിത്തത്തോടെ അധ്യാപകൻ ചെയ്യുന്നു. കുട്ടികൾ അത് നിരീക്ഷിച്ച് കാര്യകാരണങ്ങൾ ചർച്ച ചെയ്യുന്നു. ചർച്ചയിലൂടെ നിഗമനത്തിലെത്തുന്നു. തുടർന്ന് പരീക്ഷണത്തിന്റെ ചിത്രം വരച്ച് കുറിപ്പ് തയ്യാറാക്കി കുട്ടികൾ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരു ദിവസം | | |
| * കുട്ടികളിൽ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാനുള്ള മനോഭാവം വളർത്തൽ.<br>* കൃഷിയെ ജീവിതത്തിന്റെ ഭാഗമായി കാണാനുള്ള മനോഭാവം വളർത്തൽ | **വിത്ത് വിതയ്ക്കാം വിളവെടുക്കാം**<br>അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ വിവിധയിനം പച്ചക്കറി വിത്തുകൾ നടുന്നു. കുട്ടികൾ തന്നെ അവയ്ക്ക് വെള്ളമൊഴിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഒരു കുട്ടിക്ക് ഒരു തൈ എന്ന രീതിയിൽ സംരക്ഷണ ചുമതല വിഭജിച്ച് നൽകുന്നു. വിളവെടുപ്പ് | | | |

| | |
|---|---|
| * ഗുണമേന്മയുള്ള ഭക്ഷ്യ- വസ്തുക്കൾ ഉപയോഗിച്ച് ആരോഗ്യകരമായ ജീവിത- രീതി അനുവർത്തിക്കുന്നു. | അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ നടത്തുന്നു പച്ചക്കറി സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് നൽകുന്നു. |

# ഗണിതം.

| | | |
|---|---|---|
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | **സമ്മാനപ്പെട്ടി**<br>സ്കൂളിൽ ഒരു ഗണിത ബോക്സ് ഉണ്ടാക്കി വയ്ക്കുന്നു. ആഴ്ചയിൽ നൽകുന്ന ഗണിത ചോദ്യങ്ങൾക്ക് കുട്ടികൾക്ക് ഉത്തരമെഴുതി ഗണിത ബോക്സിൽ നിക്ഷേപിക്കാം. വിജയിയെ കണ്ടെത്തി നറുക്കെടുപ്പിലൂടെ സമ്മാനം നൽകുന്നു. | ജൂൺ - മാർച്ച് |
| | **ഗണിത പസിൽ**<br>സ്കൂളിലെ മൊത്തം കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ഏരിയയിലും ഒരു പസിൽ ബോർഡ് വച്ച് ഓരോ ഗ്രൂപ്പുകാർക്കും ഓരോ പസിൽ നൽകുന്നു. ആദ്യം ഉത്തരം കണ്ടെത്തുന്ന ഗ്രൂപ്പിന് 10 പോയിന്റ് നൽകുന്നു. | സെപ്തംബർ മുതൽ |
| | **ഗണിത ക്വിസ്**<br>രണ്ട് മാസം കൂടുമ്പോൾ ഒരു തവണ ഗണിത ക്വിസ് നടത്തി വിജയികളെ കണ്ടെത്തുന്നു. | |